

കുട്ടികളുടെ നാടകവേദി

സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ ആവിഷ്കരിക്കുകയും ചർച്ചാ കാരണങ്ങളും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ശ്രദ്ധേയമായ നാടകസംഘങ്ങൾ ഒരു കാലത്ത് നിലനിന്നിരുന്നത്. കലയുടെ അനിവാര്യ ഉപാദാനങ്ങളായ നാടകം മുതിർന്നവർക്കുമാത്രമല്ല കുട്ടികൾക്കും വഴങ്ങും എന്നതിന്റെ ദൃഷ്ടാന്തമായിരുന്നു വെഞ്ഞാറ്കൂട്ടിൽ ജി. ശങ്കരപ്പിള്ളയും കൊച്ചുനാരായണപിള്ളയും ചേർന്ന് സ്ഥാപിച്ച 'രംഗപ്രഭാത്' എന്ന കുട്ടികളുടെ നാടകവേദി.

1967ൽ ആണ് കുട്ടികളുടെ നാടകവേദി എന്ന ആശയം ഉടലെടുക്കുന്നത്. ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ [illegible] കൂടിയ ഒരു നാടകക്കളരിയിൽ ആണ് ജി. ശങ്കരപ്പിള്ള ഈ ആശയം മുന്നോട്ട് വച്ചത്. കൊച്ചുനാരായണപിള്ളയും സി. എൻ. ശ്രീകണ്ഠൻ നായരും ഒക്കെ അംഗങ്ങളായുണ്ടായിരുന്ന ആ നാടകക്കളരിക്ക് ഈ ആശയം പുതുമയുള്ളതായി അനുഭവപ്പെട്ടു.

അന്നുവരെ മുതിർന്നവരുടെ നാടകം കുട്ടികൾ മുതിർന്നവരായി വേഷമിട്ട് അവതരിപ്പിക്കുക എന്നതായിരുന്നു രീതി. എന്നാൽ കൊച്ചുനാരായണപിള്ളയുടെ അഭ്യർത്ഥനമാനിച്ച് ജി. ശങ്കരപ്പിള്ള കുട്ടികൾക്കായി ആദ്യനാടകം രചിച്ചു. 'പൂച്ച കിരീടം' എന്നായിരുന്നു നാടകത്തിന്റെ പേര്. ആദ്യത്തെ ഇന്ത്യയിലെ തന്നെ കുട്ടികളുടെ നാടകവേദി 1970ൽ നിലവിൽ വന്നു. കുട്ടികളുടെ ബഹുമുഖമായ വളർച്ചയെ ലക്ഷ്യം വച്ചായിരുന്നു രംഗപ്രഭാത് പ്രവർത്തിച്ചിരുന്നത്.

തൊണ്ണൂറിലധികം നാടകങ്ങൾ രംഗപ്രഭാത് അവതരിപ്പിച്ചു കഴിഞ്ഞു. 'മദ്ദളങ്ങൾ' പോലുള്ള നാടകങ്ങൾ കുട്ടികൾക്ക് നേരിടുന്ന അതിക്രമങ്ങളെ

Dr. MINI NAIR'S ★ MALAYALAM CLASSES ★ Mob. 9447[illegible]

തടയിടുക എന്ന ലക്ഷ്യത്തോടെ രചിക്കപ്പെട്ടതാണ്. മഹാത്മാഗാന്ധിയുടെ ജീവിതം വരച്ചുകാട്ടുന്ന 'ശാന്തിയായി ശാന്തിഗീതമായി' എന്ന നാടകവും സബർമതി ദൂരെയാണ് എന്ന നാടകവും ശ്രദ്ധേയമായി.

കോഴിക്കോട്ടുള്ള പൂക്കോട്ട് കലാലയം അബൂബേക്കർ മാഷ് നടത്തുന്ന ഈ കലാലയം നാടകം മാത്രമല്ല ഇതര കലാരൂപങ്ങളെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. 'കളിയാട്ടം' എന്ന പേരിൽ ഒരു വാർഷിക നാടക ക്യാമ്പ് പൂക്കോട്ട് കലാലയം നടത്തുന്നുണ്ട്. ജീവിതവുമായി അത്രയേറെ ~~ഇഴുകി~~ ഇഴുകി ചേർന്ന ഒന്നാണ് നാടകം. അത് ദൈനംദിന ജീവിതത്തെ തെളിച്ചമുള്ളതാക്കി മാറ്റും. എന്ന് വിശ്വസിക്കുന്ന ആളാണ് അബൂബേക്കർ മാഷ്

തൃപ്പൂണിത്തുറ ഭാസ്ഭേരി കുട്ടികൾക്ക് വേണ്ടി നാടകങ്ങൾ സംവിധാനം ചെയ്തുവതരിപ്പിക്കുന്ന ശ്രദ്ധേയമായ ഒരു നാടകട്രൂപ്പാണിത് സിനിമാലോകത്തെ ചില പ്രമുഖ അഭിനേതാക്കളും ഈ ട്രൂപ്പിന്റെ ഭാഗമായിരുന്നു.

ചേറൂർ രംഗചേതന മുതിർന്നവരുടെ നാടകത്തിനെന്ന പോലെ കുട്ടികളുടെ നാടകത്തിനും ശ്രദ്ധ കൊടുക്കുന്ന നാടകസംഘമാണിത്.

നെയ്യാറ്റിൻകരയിലെ നാടകക്കൂട്ട് എന്ന സംഘവും കുട്ടികളുടെ നാടകവേദി എന്ന നിലയിൽ ശ്രദ്ധേയമാണ്. ?

കാസർഗോഡ് ചിൽഡ്രൻസ് തിയറ്റർ' എന്ന പേരിലും കുട്ടികളുടെ നാടകസംഘങ്ങൾ പ്രവർത്തിക്കുന്നു

Dr. MINI NAIR S ★ MALAYALAM CLASSES ★ Mob: 9447863592
Dr. MINI NAIR S ★ MALAYALAM CLASSES ★ Mob: 9447863592